മാധ്യമം

18 July 2021

## കടൽപായലിൽനിന്ന് ഔഷധനിർമാണം

# സി.എം.എഫ്.ആർ.ഐ ഗവേഷകന് ദേശീയ പുരസ്കാരം



*കാജൽ ചക്രവർത്തി, ഫസീന*

**കൊച്ചി:** കടൽപായലിൽനിന്ന് പ്രമേഹമുൾപ്പെടെ ജീവിതശൈലീ രോഗങ്ങൾക്കുള്ള ഔഷധങ്ങൾ വികസിപ്പിച്ചതിന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ) പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ. കാജൽ ചക്രവർത്തിക്ക് ദേശീയ അംഗീകാരം. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിൻെറ (ഐ.സി.എ.ആർ) ഗവേഷണരംഗത്ത് മികവ് തെളിയിച്ച ശാസ്ത്രജ്ഞർക്കുള്ള ഏറ്റവും ഉയർന്ന നോർമൻ ബോർലോങ് ദേശീയപുരസ്കാരമാണ് ലഭിച്ചത്.

അഞ്ച് വർഷത്തിലൊരിക്കൽ മാത്രം നൽകുന്ന പുരസ്കാരം 10 ലക്ഷം രൂപയാണ്. ഇതിനുപുറമെ, ഗവേഷണപദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അഞ്ചുവർഷത്തേക്ക് ഒന്നര കോടി ഗ്രാൻറ് ലഭിക്കും. കാർഷിക ഗവേഷണ രംഗത്ത് വഴിത്തിരിവാകുന്ന മികച്ച നേട്ടങ്ങൾ സ്വന്തമാക്കിയതിനാണ് ഈ പുരസ്കാരം ലഭിച്ചത്. സന്ധിവേദന, ടൈപ്-2 പ്രമേഹം, അമിതവണ്ണം, അമിത രക്തസമ്മർദം, തൈറോയിഡ്, ഓസ്റ്റിയോ ആർത്രൈറ്റിസ് എന്നീ ജീവിതശൈലീ രോഗങ്ങൾക്ക് ഫലപ്രദമായ ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നങ്ങൾ കടൽപായലിൽനിന്ന് വികസിപ്പിച്ചത് അദ്ദേഹത്തിൻെറ പ്രധാന ഗവേഷണ നേട്ടങ്ങളിൽപെടുന്നു.

കോവിഡിൻെറ വരവോടെ, രോഗപ്രതിരോധശേഷി കൂട്ടാൻ സഹായകമായ ഇമ്യൂൺ ബൂസ്റ്ററാണ് ഈ ഗണത്തിൽ ഏറ്റവും ഒടുവിലായി ഡോ. കാജൽ വികസിപ്പിച്ചത്. ഇതുൾപ്പെടെ, ഐ.സി.എ.ആറിൻെറ 93ാമത് സ്ഥാപകദിനത്തോടനുബന്ധിച്ച് വിതരണം ചെയ്ത പുരസ്കാരങ്ങളിൽ നാലെണ്ണം സി.എം.എഫ്.ആർ.ഐക്ക് ലഭിച്ചു. മികച്ച ഡോക്ടറൽ പ്രബന്ധത്തിനുള്ള ജവഹർലാൽ നെഹ്റു പുരസ്കാരം ഗവേഷക വിദ്യാർഥിഡോ. ഫസീന മക്കാറിന് ലഭിച്ചു. കേന്ദ്ര കൃഷിമന്ത്രി നരേന്ദ്ര സിങ് തോമർ പുരസ്കാരങ്ങൾ വിതരണം ചെയ്തു.

MAGZTER